**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2867

**13/03/2020 ൽ മറുപടിക്ക്**

**പത്തനംതിട്ട, കോഴഞ്ചേരി വില്ലേജുകളിലെ റീസർവ്വേ**

| **ചോദ്യം**<br>**ശ്രീമതി. വീണാ ജോർജ്ജ്** | | **മറുപടി**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | പത്തനംതിട്ട, കോഴഞ്ചേരി വില്ലേജുകളിലെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന കോഴഞ്ചേരി, പത്തനംതിട്ട എന്നീ വില്ലേജുകളിൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ പുരോഗതിയിലാണ്. നിലവിൽ ടി വില്ലേജിന്റെ ലൊക്കേഷൻ സർവ്വെ, ജി.സി.പി.(Ground Control Point) പോയിന്റുകളുടെ മോണുമെന്റേഷൻ എന്നിവ പൂർത്തിയായിട്ടുണ്ട്. വില്ലേജ് ബൗണ്ടറി റീഫിക്സിംഗ്, ആയക്കെട്ട് റീഫിക്സിംഗ് എന്നീ ജോലികൾ നടന്നുവരുന്നു. കോഴഞ്ചേരി വില്ലേജ് പരമ്പരാഗതമായ രീതിയിൽ സർവ്വേ നടത്തി 06/02/2016 ന് സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുള്ളതാണെങ്കിലും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിലേയ്ക്കായി താൽക്കാലികമായി ടി വില്ലേജിന്റെ റീസർവ്വേ ജോലികൾ നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ബി) | നിലവിൽ ജില്ലയിലെ റീസർവ്വേ ജീവനക്കാരെ താലൂക്കുകളിലെ LRM ജോലികൾ, പവർഗ്രിഡ്, PWD പുറമ്പോക്ക് റോഡ് റീഫിക്സിംഗ്, വനാവകാശ സർവ്വെ, പട്ടയ സർവ്വെ, വഖഫ് സർവ്വേ, Industrial Survey, ഇടുക്കി ജില്ലയിലെ റീസർവ്വേ ജോലികൾ, ജില്ലയിലെ മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾ എന്നിവയ്ക്കായി നിയോഗിക്കുന്നതിനാൽ പത്തനംതിട്ട, കോഴഞ്ചേരി എന്നീ വില്ലേജുകളുടെ റീസർവ്വേ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്നത് കൃത്യമായി കണക്കാക്കിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ